# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.722 11.03.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

### അനധികൃത ലാബുകളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ് : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | ക്ലിനിക്കൽ ലാബുകൾക്ക് രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ; | (എ) | സ്വകാര്യ പരിശോധനാ ലാബുകൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം. അൾട്രാ സൗണ്ട് സ്കാനിംഗ് സെന്ററുകൾ പി.എൻ.ഡി.റ്റി. ആക്ട് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസിൽ രജിസ്റ്റർ ചെയ്തിരിക്കണം. എക്സ്‌റേ യൂണിറ്റുകൾ ഡിപ്പാർട്ട്മെന്റ് ഓഫ് റേഡിയേഷൻ സേഫ്റ്റിയിൽ രജിസ്റ്റർ ചെയ്തിരിക്കണം. |
| (ബി) | യോഗ്യതാ മാനദണ്ഡമില്ലാത്ത ലാബുകൾ അടച്ചുപൂട്ടുന്നതിനും യോഗ്യരായ ജീവനക്കാരാണ് ലാബുകളിൽ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ; | (ബി) | പി.എൻ.ഡി.റ്റി. ആക്ട് പ്രകാരവും സേഫ് കേരള കാമ്പയിൻ പ്രകാരവും മറ്റും ഇത്തരം ലാബുകളിൽ ആരോഗ്യവകുപ്പ് പരിശോധന നടത്തി ആവശ്യമെങ്കിൽ നോട്ടീസ് നൽകുകയോ ഫൈൻ ഈടാക്കുകയോ സ്ഥാപനം അടച്ചു പൂട്ടുകയോ ചെയ്തു വരുന്നു. പൊതുജന ആരോഗ്യ ആക്ട് അനുസരിച്ചും ജീവനക്കാരുടെ യോഗ്യതാ മാനദണ്ഡങ്ങൾ പരിശോധിച്ചും സേഫ് കേരള പദ്ധതിയിലൂടെ ലാബുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന എക്സ്‌റേ ലാബുകളും, സ്കാനിംഗ് സെന്ററുകളും നിയന്ത്രിക്കുന്നതിനും രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ? | (സി) | ലാബുകളിൽ സേഫ് കേരളയുടെ ഭാഗമായി ആരോഗ്യവകുപ്പ് ടീം രൂപീകരിച്ച് പരിശോധനകൾ നടത്തി വരുന്നു. അനധികൃതമായി പ്രവർത്തിക്കുന്ന ലാബുകൾ അടച്ചു പൂട്ടുകയും ഗുണനിലവാരം ഉയർത്തുവാൻ നോട്ടീസ് നൽകുകയും ചെയ്യുന്നുണ്ട്. ജില്ലാടിസ്ഥാനത്തിൽ ടീമുകൾ രൂപീകരിച്ച് ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ, പ്രോഗ്രാം ഓഫീസർമാർ, മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ , പബ്ലിക് ഹെൽത്ത് നേഴ്സുമാർ തുടങ്ങിയവർ അടങ്ങിയ ടീം ലാബുകൾ പരിശോധിച്ച് ആവശ്യമെങ്കിൽ നോട്ടീസ് നൽകുകയോ അടച്ചുപൂട്ടുകയോ ചെയ്തു വരുന്നു. തദ്ദേശസ്വയംഭരണ വകുപ്പാണ് രജിസ്ട്രേഷൻ നൽകുന്നത്. |

സെക്ഷൻ ഓഫീസർ